**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം വിജിലൻസ് മിന്നൽ പരിശോധന - തിരുവല്ല നഗരസഭ - സൂപ്രണ്ട് ശ്രീ.വി. രാജഗോപാല പിള്ള, യു.ഡി. ക്ലാർക്ക് ശ്രീ. കെ.ജി. മുരളീധരൻ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1373/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.04.2017.

================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15.04.2013 തീയതിയിലെ E3(SC 71/2012/PTA) 37986/2012 നമ്പർ കത്ത്.
2) 23.08.2013 തീയതിയിലെ സ.ഉ. (സാധാ) നം. 2154/2013/ തസ്വഭവ.
3) 10.10.2013 തീയതിയിലെ സ.ഉ. (സാധാ3) നം. 2516/2013/തസ്വഭവ.
4) തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ 03.03.2011 തീയതിയിലെ ജി1/പി.ഡബ്യു.2/8839/99 നമ്പർ നടപടിക്രമം.
5) തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ 11.10.2013 തീയതിയിലെ ജി1/16880/13 നമ്പർ നടപടിക്രമം.
6) നഗരകാര്യ ഡയറക്ടറുടെ 13.04.2016 തീയതിയിലെ V1-14773/13 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവല്ല നഗരസഭ നഗരസഭയിൽ 03.01.2013 തീയതിയിൽ വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ ശ്രീമതി. രഞ്ജിമ എന്ന സ്വകാര്യ വ്യക്തി യു.ഡി. ക്ലാർക്കിന് സമീപം കസേരയിട്ട് അനധികൃതമായി ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ ഫയലുകൾ കൈകാര്യം ചെയ്യുന്നതായി കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ സൂപ്രണ്ട് ശ്രീ. വി. രാജഗോപാല പിള്ള, യു.ഡി. ക്ലാർക്ക് ശ്രീ.കെ.ജി. മുരളീധരൻ എന്നിവരെ പരാമർശം രണ്ട് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. പ്രസ്തുത സസ്പെൻഷൻ ഉത്തരവ് പുനഃപരിശോധിക്കണമെന്ന ഹർജികൾ സർക്കാർ പരിശോധിച്ചു. 19.12009 മുതൽ 18.10.2010 വരെ അപ്രന്റീസ് ആയി ജോലി ചെയ്തിരുന്ന ശ്രീമതി. രഞ്ജിമയെ ടിയാരിയുടെ 01.03.201 ലെ അപേക്ഷ പ്രകാരം വീണ്ടും Unpaid apprentice നിയമിച്ചു കൊണ്ട് 03.03.2011-ലെ ജി.1/പി.ഡബ്യു2/8839/99 ഉത്തരവ് പ്രകാരം നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം വ്യക്തമായ നിയമന ഉത്തരവ് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ശ്രീ. വി. രാജഗോപാല പിള്ള, ശ്രീ.കെ.ജി. മുരളീധരൻ എന്നിവരുടെ സസ്പെൻഷന് പ്രസക്തിയില്ല എന്ന് കണ്ടെത്തുകയും പരാമർശം മൂന്ന് പ്രകാരം വിശദമായ അന്വേഷണത്തിനും തുടർ നടപടികൾക്കും വിധേയമായി ടിയാളുകളുടെ സസ്പെൻഷൻ പിൻവലിച്ച് തിരുവല്ല മുനിസിപ്പാലിറ്റിയിൽ തന്നെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുകയും

ചെയ്തു. ടിയാളുകൾ 11.10.2013 F.N. ൽ തിരുവല്ല നഗരസഭയിൽ ജോലിയിൽ പുനഃപ്രവേശിച്ചു.

2) ശ്രീമതി. രഞ്ജിമ എന്ന വ്യക്തി 19.10.2009 മുതൽ ഒരു വർഷത്തേയ്ക്ക് തിരുവല്ല നഗരസഭയിൽ നേരത്തെ അപ്രന്റീസ് ആയി ജോലി ചെയ്തു വന്നിരുന്നുവെന്നും കാലാവധി പൂർത്തിയാക്കിയതിനെ ത്തുടർന്ന് ടിയാരിയുടെ അപേക്ഷയിന്മേൽ നഗരസഭാ സെക്രട്ടറിയുടെ പരാമർശം നാലിലെ നടപടിക്രമ പ്രകാരം 03.03.2011 മുതൽ Unpaid apprentice Trainee ആയി വീണ്ടും നിയമിക്കുകയുണ്ടായി എന്നും ടി ഉത്തരവിന് തിരുവല്ല നഗരസഭാ കൗൺസിലിന്റെ 13.07.2011 ലെ 13(6) നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ് എന്നും ശ്രീമതി. ഷീലാ വർഗ്ഗീസ് ബഹു. നഗരകാര്യ വകുപ്പ് മന്ത്രിയ്ക്ക് 14.08.2013 തീയതിയിൽ നൽകിയ കത്തിൽ 'നഗരസഭാ ചെയർപേഴ്സൺ ആയിരുന്ന' തന്റെ അറിവോടുകൂടിയാണ് എന്നാണ് പരാമർശിച്ചിട്ടുള്ളത് എന്നും ആയതിനാൽ ടി ജീവനക്കാരെ കുറ്റക്കാരല്ല എന്നു കണ്ട് കുറ്റവിമുക്തരാക്കി സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവാകണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം ആറ് പ്രകാരം അഭ്യർത്ഥിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവല്ല മുനിസിപ്പാലിറ്റിയിൽ ശ്രീമതി. രഞ്ജിമയെ Unpaid apprentice ആയി നിയമിച്ചതിൽ കുറ്റാരോപിതരായ ജീവനക്കാർക്ക് പങ്കില്ലാത്തതാണ്. നഗരസഭാ ചെയർമാന്റെയും കൗൺസിലിന്റെയും തീരുമാനവും നഗരസഭാ സെക്രട്ടറിയുടെ ഉത്തരവും നടപ്പിലാക്കുക മാത്രമാണ് ബന്ധപ്പെട്ട ജീവനക്കാർ ചെയ്തിട്ടുള്ളത്.

4) മേൽ സാഹചര്യത്തിൽ, നഗരകാര്യ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് തിരുവല്ല നഗരസഭയിലെ സൂപ്രണ്ടായിരുന്ന ശ്രീ. വി. രാജഗോപാല പിള്ള, യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. കെ.ജി. മുരളീധരൻ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാളുകളെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിജിലൻസ് വകുപ്പ് (24.03.2017 തീയതിയിലെ 2714/ഡി1/2017/വിജി നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**